# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1075 — 14.06.2012-ന് മറുപടിയ്ക്ക്

### പൊതുജനസേവനത്തിന് പുതിയ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ.ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റവന്യൂവകുപ്പ് പൊതുജനങ്ങൾക്കായി നൽകുന്ന വിവിധ സേവനങ്ങൾ ഫലപ്രദമായി ലഭ്യമാക്കുന്നതിന് പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;<br><br>(ബി) വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ് എന്നിവിടങ്ങളിൽ നിന്ന് ലഭിക്കേണ്ട വിവിധ സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ; | (എ) യും (ബി) യും<br><br>റവന്യൂ വകുപ്പിന്റെ പരമപ്രധാന കർത്തവ്യങ്ങളിലൊന്നായ സർട്ടിഫിക്കറ്റ് വിതരണം കണ്ണൂർ, പാലക്കാട് എന്നീ രണ്ടു ജില്ലകളിൽ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. അതിൻപ്രകാരം ഒരു പൗരന് വീടിന് സമീപമുള്ള അക്ഷയ കേന്ദ്രങ്ങളിൽ സർട്ടിഫിക്കറ്റിനായുള്ള അപേക്ഷ സമർപ്പിക്കാവുന്നതും ഡിജിറ്റൽ ഒപ്പോടു കൂടിയ സർട്ടിഫിക്കറ്റ് പ്രസ്തുത കേന്ദ്രത്തിൽ നിന്നു തന്നെ സ്വീകരിക്കാവുന്നതുമാണ്. ഒരിക്കൽ സർട്ടിഫിക്കറ്റിന് അപേക്ഷിച്ച വ്യക്തിയുടെ, പ്രസ്തുത സർട്ടിഫിക്കറ്റിനായി സമർപ്പിച്ച രേഖകളിൽ ഉള്ള വിവരങ്ങൾ ഇ-ഡിസ്ട്രിക്ട് ഡാറ്റാ ബേസിൽ ശേഖരിക്കപ്പെടുകയും ആയത് പിന്നീടുള്ള ആവശ്യങ്ങൾക്ക് വില്ലേജ് ആഫീസ് സന്ദർശിക്കാതെ തന്നെ പ്രസ്തുത പൗരന് സർട്ടിഫിക്കറ്റ് നൽകുന്നതിന് സഹായകമാകുകയും ചെയ്യും. സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനുള്ള കാലതാമസവും ഉദ്യോഗസ്ഥരുടെ ജോലിഭാരവും, വില്ലേജ് ഓഫീസുകളിലെ |

| | | |
|---|---|---|
| | | തിരക്കം ഇതുമൂലം ഗണ്യമായി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. പൊതുജനോപകാരപ്രദമായ ഈ പദ്ധതിയുടെ വിജയം മറ്റു ജില്ലകളിലേയ്ക്കും ഈ പദ്ധതി വ്യാപിപ്പിക്കുവാനുള്ള പ്രചോദനം നല്കുകയും ആയതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br>ഇതുക്കൂടാതെ ReLIS Kerala Version 2.0 (Revenue Land Information System) എന്ന പദ്ധതി പ്രകാരം ഓൺലൈനായി പോക്കുവരവ് സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കംഞ്ചേരി എന്നീ സബ് രജിസ്ട്രാർ ആഫീസുകളുടെ പരിധി യിലുള്ള റീ-സർവ്വെ കഴിഞ്ഞ 17 വില്ലേജുകളിൽ നടത്തുകയുണ്ടായി. കൊല്ലം, പത്തനംതിട്ട ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, വയനാട്, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിലെ റീ സർവ്വെ കഴിഞ്ഞ 556 വില്ലേജുകളിൽ കൂടി പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. മേൽ പദ്ധതി പൂർണ്ണമാകുന്നതോടെ ഇന്ത്യയിലാദ്യമായി ഓൺലൈൻ പോക്കുവരവ് നടത്തുന്ന സംസ്ഥാനമായി കേരളം മാറും. |
| (സി) | ഇതിനായി ഒരു പ്രത്യേക സെൽ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) ഈ പദ്ധതികൾ ജില്ലകളിൽ നടപ്പിലാക്കി വരുന്നത് സംസ്ഥാന ഐ.റ്റി. സെല്ലിന്റെ മേൽനോട്ടത്തിൽ ജില്ലാ ഐ.റ്റി. സെല്ലുകളാണ്. |

സെക്ഷൻ ഓഫീസർ